**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1946** **11-10-2024 - ൽ മറുപടിയ്ക്ക്**

**ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിന്റെ 11/07/2024 ലെ എ.എച്ച്.ഡി./1457/2024-കെ2 നമ്പർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിൽ നിന്നും ഫീൽഡ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതിലൂടെ ഉണ്ടായ ഒഴിവുകളിലേക്ക് താഴ്ന്ന തസ്തികകൾ ആയ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികളിലേക്കുള്ള സ്ഥാനക്കയറ്റം വേഗത്തിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആനുപാതിക സ്ഥാനകയറ്റ ഉത്തരവ് എന്ന് പ്രസിദ്ധീകരിക്കും എന്ന് വ്യക്തമാക്കാമോ; | (എ) | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 11/07/2024 ലെ AHD/1457/2024 - K2 നമ്പർ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിൽ നിന്നും ഫീൽഡ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതിലൂടെ ഉണ്ടായ ഒഴിവുകളിലേക്ക് താഴ്ന്ന തസ്തികകൾ ആയ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിലേയ്ക്കും, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിന്നും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേയ്ക്കും സീനിയോരിറ്റി പ്രകാരം ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ 29/09/2024 ലെ AHD/1789/2024 - K4 Part (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ആനുപാതികമായി സ്ഥാനക്കയറ്റം നടത്തുമ്പോൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ഓരോ ജില്ലയിലും ഉണ്ടാവുന്ന സ്ഥാനകയറ്റ ഒഴിവുകൾ എത്ര എന്ന് വ്യക്തമാക്കാമോ; | (ബി) | മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 29/09/2024 ലെ AHD/1789/2024 - K4 Part (1) നമ്പർ സ്ഥാനക്കയറ്റ ഉത്തരവ് പ്രകാരം എൻട്രി കേഡറായ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ആകെ 36 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.<br><br>**ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു**;<br><br>കോട്ടയം - 9<br><br>കോഴിക്കോട് - 2<br><br>എറണാകുളം - 23<br><br>പാലക്കാട് - 2 |
| (സി) | മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ സ്ഥാനകയറ്റം പ്രസിദ്ധീകരിച്ച 05/07/2024 ലെ എ.എച്ച്.ഡി./1789/2024-കെ4 Part (1) നമ്പർ | (സി) | മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ സ്ഥാനകയറ്റം പ്രസിദ്ധീകരിച്ച 05/07/2024 ലെ എ.എച്ച്.ഡി./1789/2024-കെ4 Part (1) നമ്പർ |

| | | | |
|---|---|---|---|
| | ഉത്തരവ് വന്നതിന് ശേഷം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകൾ ആയ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികളിൽ നിന്നും 25/09/2024 വരെ എത്ര ജീവനക്കാർ ആണ് വിരമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | ഉത്തരവ് വന്നതിന് ശേഷം 25/09/2024 വരെയുള്ള കാലയളവിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകൾ ആയ അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികളിൽ നിന്നും ജീവനക്കാർ വിരമിച്ചിട്ടില്ല. |
| (ഡി) | ഒ.എ(ഇ)212/2024 & 735/2024 നമ്പർ കേസുകളിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26/06/2024 ലെ അന്തിമ ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു എന്ന് നടപ്പിൽ വരും എന്ന് വ്യക്തമാക്കാമോ; | (ഡി) | ഒ.എ(ഇ)212/2024 & 735/2024 നമ്പർ കേസുകളിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 26/06/2024 ലെ അന്തിമ ഉത്തരവ് പ്രകാരം വകുപ്പിലെ അസിസ്റ്റന്റ് ഫീൽഡ് ആഫീസർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികകളിലെ ജീവനക്കാരുടെ 2024 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ നിയമനം സംസ്ഥാനതലത്തിൽ ആക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഇ) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ നിയമനം സംസ്ഥാനതലത്തിൽ ആക്കുന്നതിനുള്ള നടപടികൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (എഫ്) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യതയിൽ നിലവിലുള്ള വി.എച്ച്.എസ് .ഇ കോഴ്സ് ആയ ലൈവ്സ്റ്റോക്ക് മാനേജ്മെന്റിനോടൊപ്പം എൻ.എസ്.ക്യൂ.എഫ്-ന്റെ ഭാഗമായി പേര് മാറിയ വി.എച്ച്.എസ്.ഇ കോഴ്സ് കൾ ആയ ഡി.എഫ്.ഇ. & എസ്.പി.എഫ്. എന്നിവ ഉൾപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എഫ്) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ നിലവിലെ യോഗ്യതയായ VHSE (Livestock Management) കോഴ്സിനോടൊപ്പം എൻ.എസ്.ക്യൂ.എഫ്-ന്റെ ഭാഗമായി പേര് മാറിയ വി.എച്ച്.എസ്.ഇ കോഴ്സുകളായ DFE (Dairy Farmer Entrepreneur), SPF (Small Poultry Farmer) എന്നീ കോഴ്സുകൾ കൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ